(*a*) whether representations have been received from the public of Manickal Pakuthy, Nedumangad Taluk, praying for the construction of a bridge at Velavoor on the Pothencodu-Pirappancodu road ; and

(*b*) what action has been taken on them ?

Minister for Public Works **(Sri. G. Chandrasekhara Pillai) :**

(*a*) Yes.

(*b*) Estimate for the work is being prepared. The work will be placed before the Works Committee for consideration for the budget for 1952-1953.

ട്രാൻസ്ഫോർട്ട് ഡിപ്പാർട്ട്മെൻറ്

* ൪൯൫. (൯൯) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ പെൻഷൻ ഇല്ലാത്ത ഉദ്യോഗങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) മറ്റേതെങ്കിലും ഡിപ്പാർട്ട്മെൻറിൽ പെൻക്ഷൻ ഇല്ലാത്ത ഉദ്യോഗങ്ങൾ ഉണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

(എ) ഉണ്ട്. റോഡ് ട്രാൻസ്പോർട്ട് വകുപ്പിൽ ൨൫൫ ൭.

(ബി) ഉണ്ട്.

ബോണസ്സും ഓവർടൈം അലവൻസും

* ൪൯൯. (൯൪) ശ്രീ. ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ബോണസും ഓവർടൈം അലവൻസും കൂടിശ്ശിക കിടപ്പുണ്ടോ ; എത്രനാളത്തെ കൂടിശ്ശിക കിടപ്പുണ്ടെന്നു പറയാമോ; അതെന്തുകൊണ്ടാണ് ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

൧൯൫൦—൫൧ ധനകാര്യവർഷത്തെ ബോണസും ൧൯൫൦ ഒക്ടോബർ മാസം മുതൽക്കുള്ള ഓവർടൈം അലവൻസും കൊടുക്കേണ്ടതായിട്ടുണ്ട്. ൧൯൫൦—൫൧-ലെ ബാലൻസ് ഷീറ്റ് ലാഭനഷ്ട കണക്ക് ഇവ അക്കൌണ്ടൻറ് ജനറലിൻറെ പരിശോധനയ്ക്ക് വിധേയമായിരിക്കയാണ്. ഈ ഡിറ്റ് പൂർത്തിയായതിനശേഷമേ 'അറ്റ ആദായം' തിട്ടപ്പെടുത്തുന്നതിനും ബോണസ്സ് കൊടുക്കുന്നതിനും സാധിക്കുകയുള്ളൂ.

ഓവർടൈം അലവൻസിൽ ഭൂരിഭാഗവും ഉത്സവങ്ങൾ തുടങ്ങിയ ആഘോഷങ്ങൾക്ക് പ്രത്യേക സ്പ്പീസു നടത്തിയവകയിൽ കൊടുക്കേണ്ടതാണ്. ഇക്കാലങ്ങളിൽ വളരെയധികം ഉദ്യോഗസ്ഥന്മാർ സാധാരണയിൽ കൂടുതൽ സമയം ജോലിചെയ്യിട്ടുണ്ട്. അതിലേക്ക കണക്ക പ്രത്യേകം തയ്യാറാക്കി പരിശോധിച്ചുവരികയാണ്. ഓവർടൈം അലവൻസ് എത്രയും വേഗം കൊടുത്തു തീർക്കുന്നതിലേക്ക നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ധനസഹായം

* ൪൯൦. (൯൯) ശ്രീ. ആർ. അച്യുതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുകൊച്ചി സംസ്ഥാനത്തു് കഴിഞ്ഞ സ്റ്റംവർഷത്തിൽ വിദ്യാഭ്യാസ സൗജന്യത്തിനായി അവശ്യമുള്ള ഡിപ്പാർട്ട്മെൻറിൽ നിന്നും എത്ര രൂപാ ചിലവായി;

(ബി) ഈ സ്റ്റംവർഷം എത്ര രൂപാ ചിലവാക്കേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ര,വ വ, ഠ ന്ന രൂപാ.

(ബി) ന,ഫ ങ, ഠ ഠ ഠ രൂപാ.

പരവൂർ പൊഴിയിൽ ചീപ്പു കെട്ടുന്നതിനുള്ള നിവേദനം

*ര ര ക. (ര ഠ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പരവൂർ പൊഴിയിൽ ഒരു ചീപ്പു് കെട്ടി ഇത്തിക്കര ഏലായിലെ കൃഷിക്കു് കൂടുതൽ സൌകര്യമാക്കിത്തീർക്കണമെന്നു് കാണിച്ചു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) ഇവിടെ ഒരു ചീപ്പു് കെട്ടുന്നതു് ഇത്തിക്കര ഏലായുടെ കൃഷിക്കു് കൂടുതൽ സൌകര്യമാണെന്നു ഗവൺമെൻറിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ടു്.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറു് തയാറാക്കിയിട്ടുണ്ടു്.

(സി) ഉണ്ടു്.

ഭൂമി പതിവു്

*ര ര ഛ. (ര ക) ശ്രീ. എം. പി. കൃഷ്ണദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻറു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വ്യക്തികൾക്കു് പതിച്ചുകൊടുത്ത ഇനത്തിൽ ഇപ്പോൾ നിയമസഭയിൽ മെമ്പറായിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർക്കാർക്കെങ്കിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതൊക്കെല്ലാം; എത്ര ഏക്കർവീതം;

(സി) ഇനിയും വനം പതിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു് എവിടെയെല്ലാം; എന്തു തത്വത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) പതിച്ചുകൊടുത്തിട്ടില്ല. എന്നാൽ കുത്തകപ്പാട്ടമായിട്ടു് ചില ബഹുമാനപ്പെട്ട മെംബർമാർക്കു് കൊടുത്തിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഭൂമി (വനമുൾപ്പെടെ) പതിവു് ഫസ്ൽ ര ഛ മുതൽ നിറുത്തി വച്ചിരിക്കുകയാണു്. പാട്ട വ്യവസ്ഥയിൽ മാത്രമേ കൊടുക്കുന്നുള്ളൂ. കൊച്ചി വിഭാഗത്തിലും പതിവു് ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണു്. ഈ നയത്തിൽ ഒരു വ്യതിയാനം വരുത്തുന്ന കാര്യം Land Policy Committee റിപ്പോർട്ടിന്മേൽ ഉത്തരവു പാസാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly